## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി.എ.കെ.റജീനയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

# തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം.1581/2016/തസ്വഭവ . തീയതി, തിരുവനന്തപുരം, 30/04/2016

---

പരാമർശം: 1. ശ്രീമതി എ കെ റജീനയുടെ 18/06/2015 ലെ അപേക്ഷ
2. പഞ്ചായത്ത് ഡയറക്ടറുടെ 26.06.2015 ലെ ഇ 5-34126/11 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി എ. കെ. റജീന 05.11.2010 മുതൽ 04.05.2011 വരെ അവധിയിലായിരുന്ന കാലയളവ് ക്രമവല്ക്കരിക്കുന്നതിനായി പരാമർശം 1 പ്രകാരം സമർപ്പിച്ച അവധി അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റുകളും പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ശ്രീമതി എ. കെ. റജീന എൽ.ഡി.ക്ലാർക്കായിരിക്കവെ 09.05.2010 മുതൽ 04.11.2010 വരെ( 180 ദിവസം) പ്രസവാവധിയിൽ പ്രവേശിച്ചിരുന്ന കാലയളവിൽ ഉദ്യോഗക്കയറ്റം ലഭിച്ചതിനാൽ 26.07.2010 ൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് 27.07.2010 മുതൽ 04.11.2010 വരെ അവധിയിൽ വീണ്ടും പ്രവേശിക്കുകയും ചെയ്തു. തുടർന്ന് 05.11.2010 മുതൽ 04.05.2011 വരെ ശൂന്യവേതാനാവധിയിലായിരുന്ന ടിയാൾ പ്രസവാവധിക്ക് തുടർച്ചയായി പ്രസ്തുത കാലയളവിലേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിന് അവധി അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റുകളും ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി.എ. കെ. റജീന 05.11.2010 മുതൽ 04.05.2011 വരെ അവധിയിലായിരുന്ന അവധിക്കാലയളവ് ആർജ്ജിതാവധിക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിയായി അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ശ്രീകല സി.എസ്**
ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം